## ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം നമ്മുടെ ഗ്രാമീണ മേഖലയിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കാൻ വൈവിധ്യമാർന്ന ഒട്ടേറെ പരിപാടികൾ വിദ്യാലയങ്ങൾ ഏറ്റെടുത്ത് നടപ്പിൽ വരുത്തുന്നുണ്ട് കുട്ടികളുടെ സർവ്വതോ മുഖമായ വികാസം ലക്ഷ്യം വെച്ച് വിദ്യാലയം ചെയ്യുന്ന ഓരോ ഉദ്യമവും ഭാവിയുടെ വാഗ്ദാനങ്ങളെ വാർത്തെടുക്കാൻ പ്രേരകമാകണം. വ്യത്യസ്തമായ കഴിവുകളും ഉള്ള കുട്ടികൾക്ക് വർണ്ണാഭമായ അനുഭവങ്ങൾ പങ്കിടാൻ അവസരം ലഭിക്കുമ്പോഴാണ് അവരിൽ വിജ്ഞാനത്തിന്റെയും ചിന്തയുടെയും വെളിച്ചം വീശാൻ കഴിയുന്നത്.

വിദ്യാലയത്തിന്റെ ഗുണനിലവാരം ഉയരു ന്നത് അവിടുത്തെ കുട്ടികളുടെ അക്കാദമിക നിലവാരത്തെ അടിസ്ഥാനമാക്കിയാണ്.വ്യത്യസ്തമായ ഗാർഹികാന്തരീക്ഷത്തിൽ നിന്നും വരുന്ന കുട്ടികൾക്ക് വിവിധ കഴിവുകൾ ഉണ്ടെന്ന് നമുക്കറിയാം. പാഠപുസ്തകത്തെ മാത്രം മുൻനിർത്തി പ്രവർത്തനങ്ങൾ വിനിമയം ചെയ്യുമ്പോൾ മിക്ക കുട്ടികളുടെയും കഴിവുകൾ തിരിച്ചറിയാൻ അധ്യാപകന് സാധ്യമാകുന്നില്ല. അതിനാൽ തന്നെ നിലവിലെ വിദ്യാലയ സാഹചര്യങ്ങൾ കണക്കിലെടുത്ത് മേന്മകളും പോരായ്മകളും വിലയിരുത്തി മുന്നേറാൻ സമഗ്രവും ലളിതവുമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

കൊടിഞ്ഞി ജി എം യു പി സ്കൂളിലെത്തുന്നത് കൊടിഞ്ഞി ഗ്രാമത്തിലെ സാധാരണ കുടുംബത്തിലെ കുട്ടികളാണ്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്ന ഈ കുടുംബത്തിലെ കുട്ടികൾക്ക് മികച്ച നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകുക എന്നത് വിദ്യാലയത്തിന്റെ കടമയാണ്.

ഒരു ചരിത്രം നിയോഗം പോലെ കൊടിഞ്ഞി ഗവൺമെന്റ് യുപി സ്കൂൾ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും തലമുറകൾക്ക് അക്ഷരജ്ഞാനത്തോടൊപ്പം മനുഷ്യ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും മഹത്വം ഓതുന്ന ഒരു വിജ്ഞാനകേന്ദ്രമായി കോറ്റത്ത് ഇന്നും തല യുയർത്തി നിൽക്കുന്നു. ഇനിയും ഒരുപാട് ചെയ്യാനുണ്ടെന്ന് ബോധത്തോടെ.....

## ചരിത്രം

ഒരു വിദ്യാലയത്തിൽ ചരിത്ര സാംസ്കാരിക സാമൂഹ്യ സാമ്പത്തിക വൈജ്ഞാനിക കാർഷിക മേഖലകളിലെ പൗരാണിക ചരിത്രം അശേഷം ചോർന്നു പോകാതെ ആധുനിക തലമുറയുടെ മുമ്പിൽ എത്തിക്കുക എന്നത് ഏറെ ശ്രമകരമായ ഒരു ജോലിയാണ്. മേൽപ്പറഞ്ഞ എല്ലാ മേഖലകളിലൂടെയുംകടന്നു പോകമ്പോൾ സത്യസന്ധമായി നമുക്ക് ലഭിക്കുന്നത് ഈ വിദ്യാലയത്തിന്റെ തന്നെയാണ്. മൺമറഞ്ഞു പോയ ആ സാംസ്കാരിക തനിമയുടെ ശേഷിപ്പുകൾഅന്വേഷിച്ചു കണ്ടെത്തിയും അനുഭവജ്ഞരോട് ആരാഞ്ഞും ഏറെ പണിപ്പെട്ടു സമ്പാദിച്ച ജി എം യു പി സ്കൂൾ കൊടിഞ്ഞി ഗതകാല ചരിത്രം സത്യസന്ധമായും നിഷ്പക്ഷമായും ഏറെക്കുറെ പൂർണ്ണമായും ഇവിടെ അനാവരണം ചെയ്യുകയാണ്.

മൂന്ന് ഭാഗവും ചളിയും വെള്ളവും നിറഞ്ഞ പാടത്താൽ ചുറ്റപ്പെട്ടതും ഒരു ഭാഗം യാത്ര ദുർഘടവുമായ ചുള്ളിക്കുന്നാൽ ചുറ്റപ്പെട്ടതുമായ ഒരു ഗ്രാമ പ്രദേശമായിരുന്നു കൊടിഞ്ഞി .ഈ പ്രദേശത്തേക്ക് റോഡ് സൗകര്യങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല കൃഷിയും കന്നുകാലി വളർത്തലും മാത്രമായിരുന്നു ഉപജീവനമാർഗ്ഗം. ഇങ്ങനെയുള്ള ഒരു പ്രദേശത്തിന്റെ വിദ്യാഭ്യാസ മുന്നേറ്റത്തിന് തുടക്കം കുറിച്ച മൂന്ന് മഹത് വ്യക്തിത്വങ്ങളാണ് പാ ട്ടശ്ശേരി മൂസയും പുത്തുപുറക്കാ ട്ട് സേതു ഹാജിയും ടി പി അലവി ഹാജിയും .

മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ 1919 ലാണ് പാ ട്ടശ്ശേരി പറമ്പിൽ കൊടിഞ്ഞി സ്കൂൾ സ്ഥാപിച്ചത്. ഒന്നു മുതൽ അഞ്ചുവരെ മാത്രം ക്ലാസുകൾ ഉള്ള സ്കൂളിൽ രാവിലെ 8 മുതൽ 10 വരെ മദ്രസ പാഠവും പത്തു മുതൽ നാലു വരെ ഭൗതിക വിദ്യാഭ്യാസവും ആയിരുന്നു ഉണ്ടായിരുന്നത്. അക്കാലത്തെ മദ്രസാ അധ്യാപകൻ അണ്ടിയത്തു കുഞ്ഞാലിക്കുട്ടി ഹാജിയായിരുന്നു. പാട്ടശ്ശേരി മൂസക്ക് ഓലമേഞ്ഞ കെട്ടിടം വർഷംതോറും കെട്ടിമേഞ്ഞു നിലനിർത്താൻ ബുദ്ധിമുട്ട് വന്നപ്പോൾ അദ്ദേഹം സ്കൂളിനെ ഡിസ്ട്രിക്ട് ബോർഡിനെ ഏൽപ്പിക്കുകയും പിന്നീട് ഡിസ്ട്രിക്ട് ബോർഡിന്റെ ശ്രമഫലമായി സ്കൂൾ സിപി അലവി ഹാജി ഏറ്റെടുക്കുകയും അദ്ദേഹത്തിന്റെ

സ്ഥലമായ ഇപ്പോൾ കൊടിഞ്ഞി സ്കൂൾ നിലനിൽക്കുന്ന സ്ഥലത്ത് ഓടിട്ട 5 ക്ലാസ് മുറികളുള്ള ഒരു കെട്ടിടം നിർമ്മിക്കുകയും പാട്ടശ്ശേരി പറമ്പിലെ സ്കൂൾ അവിടേക്ക് മാറ്റാനുള്ള ശ്രമം നടത്തുകയും ചെയ്തു. ഈ കാലത്ത് സ്കൂളിന്റെ പണി പൂർത്തിയാവാൻ താമസമെടുത്തപ്പോൾ താൽക്കാലികമായി സ്കൂൾ കോറ്റത്തു ടൗണിലുള്ള സിപി മുഹമ്മദ് ഹാജിയുടെ കെട്ടിടത്തിൽ കുറച്ചുകാലം പ്രവർത്തിച്ചിരുന്നു. പിന്നീട് പണി പൂർത്തിയായപ്പോൾ സ്കൂൾ സ്ഥിരം കെട്ടിടത്തിലേക്ക് മാറ്റി. ഈ കാലത്ത് പൊടിഞ്ഞു പള്ളിയുടെ വടക്കുഭാഗത്ത് പാറമ്മൽ പ്രവർത്തിച്ചിരുന്ന മറ്റൊരു സ്കൂൾ ആയിരുന്നു പു ത്തു പുരക്കാട്ട സെയ്തു ഹാ ജിയുടെ ഉടമസ്ഥതയിലുള്ള പാറമ്മൽ സ്കൂൾ. അവിടുത്തെ മദ്രസാ അധ്യാപകൻ ആയിരുന്നു പോക്കർ മൊല്ലാക്ക. ഈ കാലത്ത് സ്കൂളിലെ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഡിസ്ട്രിക്ട് ബോർഡിൽ നിന്നും ഉടമസ്ഥന് ധനസഹായം ലഭിച്ചിരുന്നു. പാറമ്മൽ സ്കൂളിൽ മതപഠനം കോ റ്റ ത്തേ ക്കാൾ മെച്ചപ്പെട്ടതാണെന്ന വിശ്വാസത്തിൽ കുട്ടികൾ കൂടുതൽ ഉണ്ടായിരുന്നത് പാറമ്മൽ സ്കൂളിലായിരുന്നു. സിപി അലവി ഹാജി കോ റ്റ ത്തെ സ്കൂളിൽ കൂടുതൽ കുട്ടികളെ കിട്ടുന്നതിനായി പാറമ്മൽ സ്കൂൾ വിലയ്ക്ക് വാങ്ങുകയും ആ സ്കൂൾ പൊളിച്ചു മാറ്റി അവിടുത്തെ കുട്ടികളെ കോ റ്റ ത്തെ സ്കൂളിലേക്ക് മാറ്റുകയും ചെയ്തു. കൂടെ പോക്കർ മൊല്ലാക്കയെയും കോറ്റത്തേക്ക് കൊണ്ടുവന്നു. ഇങ്ങനെ രണ്ടു സ്കൂളുകൾ ചേർന്നാണ് ഇന്നത്തെ കോറ്റത്തെ സ്കൂൾ ഉണ്ടായത്. അതിനാൽ ആ കാലഘട്ടങ്ങളിൽ രണ്ട് അഡ്മിഷൻ രജിസ്റ്റർ സ്കൂളിൽ ഉണ്ടായിരുന്നു. പിന്നീട് കേരള സംസ്ഥാന രൂപീകരണത്തിന് ശേഷം വന്ന ഇ എം എസ് ഗവൺമെന്റ് കാലത്താണ് ഈ സ്കൂൾ ഗവ: മാപ്പിള യു.പി സ്കൂളായി മാറുന്നതും.

ഗവൺമെന്റ് ഏറ്റെടുത്തതിനു ശേഷം ഗവൺമെന്റ് ഉടമസ്ഥതയിലുള്ള 4 മുറികളുള്ള കെ ഇ ആർ കെട്ടിടവും നേരത്തെ ഉണ്ടായിരുന്ന 5 മുറികളുള്ള പ്രീ കെ ഇ ആർ കെട്ടിടവുമായി വളരെ വർഷക്കാലം പ്രവർത്തിച്ചതിനുശേഷം കുട്ടികളുടെ എണ്ണം വർധിച്ചപ്പോൾ പ്രീ കെ ഇ ആർ കെട്ടിടത്തിന്റെ ഉടമസ്ഥ ഭൂമിയിൽ 7 മുറികളുള്ള ഓല ഷെഡുകൾ പണിതത്. 1984- 85 കാലഘട്ടത്തിൽ സെക്ഷണൽ സമ്പ്രദായത്തിലേക്ക് സ്കൂളിന്റെ പ്രവർത്തനം മാറ്റി വളരെ വർഷക്കാലത്തെ

## സ്കൂൾ പ്രൊഫോർമ I (Academic Year 2025-2026)
### വിദ്യാർത്ഥികളുടെ അംഗസംഖ്യ
### വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം

[illegible] ജില്ലയുടെ പേര് : Malappuram

| | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | G. M. U. P. S. Kodinhi |
| 2 | വിലാസം | kodinhi |
| 3 | ഫോൺ നമ്പർ | 04942482735 |
| 4 | ഇ-മെയിൽ വിലാസം | gmupskodinhi@gmail.com |
| 5 | സ്കൂൾ കോഡ് | 19669 |
| 6 | ആൺകുട്ടികൾ/<br>പെൺകുട്ടികൾ/<br>രണ്ടുംകൂടിയുള്ളത് | രണ്ടുംകൂടിയുള്ളത് |
| 7 | സർക്കാർ/ എയിഡഡ്/അൺ-എയിഡഡ് | Government |
| 8 | ക്ലാസ് ( സ്റ്റാൻഡേർഡ്) | ആരംഭം: 1 അവസാനം: 7 |
| 9 | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര് * | General |
| 10 | വിദ്യാഭ്യാസ ഉപജില്ല | Tanur |
| 11 | വിദ്യാഭ്യാസ ജില്ല | Thirurangadi |
| 12 | സ്കൂൾ സ്ഥാപിച്ച വർഷം | 1919 |
| 13 | അസംബ്ലി നിയോജകമണ്ഡലം | Tirurangadi |
| 14 | പാർലമെന്റ് നിയോജകമണ്ഡലം | Ponnani |
| 15 | റൂറൽ/അർബൻ | Rural |
| 16 | ബ്ലോക്ക് | Tirurangadi |
| 17 | താലൂക്ക് | Thirurangadi |
| 18 | പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ | Nannambra |

...പ്പിന്റെ പേര് - പൊതു വിദ്യാഭ്യാസ വകുപ്പ്, ഫിഷറീസ് വകുപ്പ്, ട്രൈബൽ വകുപ്പ്, സാങ്കേതിക വകുപ്പ് മുതലായവ

| ആറാം അധ്യയനദിനം 10 ജൂൺ 2025 | | | | | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വിദ്യാർത്ഥികളുടെ എണ്ണം | | | | | | | | | | | | | | | | | | | | | | | | | | | | |
| STD | No of Divisions | ആകെ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | മുസ്ലീം | | | *മറ്റ് ന്യൂനപക്ഷ സമുദായം | | | *ഒ. ബി. സി | | | [illegible] | | | എ. പി. എൽ | | | ബി. പി. എൽ | | |
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 1 | 2 | 36 | 28 | 64 | 1 | 1 | 2 | 0 | 0 | 0 | 32 | 23 | 55 | 0 | 1 | 1 | 3 | 3 | 6 | 0 | 0 | 0 | 15 | 17 | 32 | 21 | 11 | 32 |
| 2 | 2 | 39 | 41 | 80 | 0 | 2 | 2 | 0 | 0 | 0 | 38 | 34 | 72 | 1 | 0 | 1 | 0 | 5 | 5 | 0 | 0 | 0 | 26 | 28 | 54 | 13 | 13 | 26 |
| 3 | 3 | 33 | 55 | 88 | 0 | 2 | 2 | 0 | 0 | 0 | 29 | 49 | 78 | 1 | 0 | 1 | 3 | 4 | 7 | 0 | 0 | 0 | 18 | 39 | 57 | 15 | 16 | 31 |
| 4 | 3 | 62 | 62 | 124 | 4 | 2 | 6 | 0 | 0 | 0 | 48 | 56 | 104 | 0 | 0 | 0 | 9 | 4 | 13 | 1 | 0 | 1 | 31 | 36 | 67 | 31 | 26 | 57 |
| 5 | 4 | 97 | 113 | 210 | 3 | 1 | 4 | 0 | 0 | 0 | 89 | 103 | 192 | 0 | 0 | 0 | 4 | 8 | 12 | 1 | 1 | 2 | 46 | 62 | 108 | 51 | 51 | 102 |
| 6 | 5 | 100 | 118 | 218 | 3 | 4 | 7 | 0 | 0 | 0 | 91 | 106 | 197 | 0 | 0 | 0 | 6 | 8 | 14 | 0 | 0 | 0 | 59 | 65 | 124 | 41 | 53 | 94 |
| 7 | 5 | 102 | 114 | 216 | 3 | 2 | 5 | 0 | 0 | 0 | 90 | 108 | 198 | 1 | 0 | 1 | 7 | 4 | 11 | 1 | 0 | 1 | 61 | 66 | 127 | 41 | 48 | 89 |
| ആകെ | | 469 | 531 | 1000 | 14 | 14 | 28 | 0 | 0 | 0 | 417 | 479 | 896 | 3 | 1 | 4 | 32 | 36 | 68 | 3 | 1 | 4 | 256 | 313 | 569 | 213 | 218 | 431 |

*മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ :ക്രിസ്ത്യൻസ്, സിക്ക്, ബുദ്ധിസ്റ്റ്, സൊരാഷ്ട്രിയൻസ് (പാഴ്സി)

| മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്റ്റാൻഡേർഡ് | മലയാളം | | | ഇംഗ്ലീഷ് മീഡിയം | | | തമിഴ് | | | കന്നട | | | ആകെ | | |
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 1 | 16 | 9 | 25 | 20 | 19 | 39 | 0 | 0 | 0 | 0 | 0 | 0 | 36 | 28 | 64 |
| 2 | 21 | 14 | 35 | 18 | 27 | 45 | 0 | 0 | 0 | 0 | 0 | 0 | 39 | 41 | 80 |
| 3 | 18 | 26 | 44 | 15 | 29 | 44 | 0 | 0 | 0 | 0 | 0 | 0 | 33 | 55 | 88 |
| 4 | 40 | 43 | 83 | 22 | 19 | 41 | 0 | 0 | 0 | 0 | 0 | 0 | 62 | 62 | 124 |
| 5 | 77 | 77 | 154 | 20 | 36 | 56 | 0 | 0 | 0 | 0 | 0 | 0 | 97 | 113 | 210 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 6 | 81 | 83 | 164 | 19 | 35 | 54 | 0 | 0 | 0 | 0 | 0 | 0 | 100 | 118 | 218 |
| 7 | 86 | 90 | 176 | 16 | 24 | 40 | 0 | 0 | 0 | 0 | 0 | 0 | 102 | 114 | 216 |
| ആകെ | 339 | 342 | 681 | 130 | 189 | 319 | 0 | 0 | 0 | 0 | 0 | 0 | 469 | 531 | 1000 |

ഭാഷാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | മലയാളം | | | സംസ്കൃതം | | | അറബി | | | ഉറുദു | | | ഗുജറാത്തി | | | തമിഴ് | | | കന്നട | | | അഡീ. ഹിന്ദി | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 1 | 36 | 28 | 64 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 2 | 39 | 41 | 80 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 3 | 33 | 55 | 88 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 4 | 62 | 62 | 124 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 5 | 14 | 16 | 30 | 0 | 0 | 0 | 83 | 97 | 180 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 6 | 14 | 21 | 35 | 0 | 0 | 0 | 86 | 97 | 183 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 7 | 26 | 20 | 46 | 0 | 0 | 0 | 76 | 94 | 170 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 224 | 243 | 467 | 0 | 0 | 0 | 245 | 288 | 533 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

ADDITIONAL വിഷയങ്ങൾ പഠിക്കുന്ന കുട്ടികളുടെ എണ്ണം

| STANDARD | ARABI | | | URDU | | | KONKINI | | |
|---|---|---|---|---|---|---|---|---|---|
| | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL |
| 1 | 32 | 25 | 57 | 0 | 0 | 0 | 0 | 0 | 0 |
| 2 | 38 | 34 | 72 | 0 | 0 | 0 | 0 | 0 | 0 |
| 3 | 29 | 49 | 78 | 0 | 0 | 0 | 0 | 0 | 0 |
| 4 | 48 | 56 | 104 | 0 | 0 | 0 | 0 | 0 | 0 |
| TOTAL | 147 | 164 | 311 | 0 | 0 | 0 | 0 | 0 | 0 |



സ്ഥലം :

തീയതി :

ഹെഡ്മാസ്റ്ററുടെ ഒപ്പ്

## അക്കാദമിക് മാസ്റ്റർ പ്ലാൻ ഉദ്ദേശലക്ഷ്യങ്ങൾ.

- കുട്ടിയുടെ അക്കാദമിക ഗുണനിലവാരം ഉയർത്തുക.
- ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുക.
- വിദ്യാലയത്തിന്റെ അക്കാദമിക ഗുണനിലവാരം കൂടുതൽ മികവുറ്റതാക്കുക.
- വിവിധ വിഷയമേഖലകളിൽ കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തുക.
- കുട്ടികളുടെ നിലവാരവും കഴിവുകളും കണ്ടെത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- കുട്ടിയുടെയും അധ്യാപകരുടെയും അക്കാദമിക പരമായ ആത്മവിശ്വാസം വർധിപ്പിക്കുക.
- പിന്നോക്കക്കാർക്കും ഭിന്നശേഷിക്കാർക്കും കൂടുതൽ പരിഗണനയും
- പ്രോത്സാഹനവും നൽകുക.
- രക്ഷിതാവും വിദ്യാലയവും തമ്മിൽ കൂടുതൽ ബന്ധം ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെ അക്കാദമികമായ ആശങ്കകൾ പരിഹരിക്കുക.
- വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.

^^^^^^^^^^^^^^^^^^^^^^^^^^^

2024-25 അധ്യയന വർഷത്തെ അക്കാദമിക മാസ്റ്റർപ്ലാൻ

പ്രവർത്തന പുരോഗതിയും പരിമിതികളും

2024 -25 അധ്യയന വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാനിൽ എൽ പി, യുപി,തലത്തിൽ എല്ലാ വിഷയത്തിലും അക്കാദമി മാസ്റ്റർ പ്ലാൻ തയ്യാറാക്കി.അതിൽ പ്രധാനമായും പ്രശ്ന വിശകലനം നടത്തി കുട്ടികളുടെ അക്കാദമിക പുരോഗതി ലക്ഷ്യമാക്കി തെരഞ്ഞെടുത്തത് മലയാള ഭാഷ എല്ലാ കുട്ടികൾക്കും എഴുതാനും വായിക്കാനും പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ ഉള്ള പ്രവർത്തനങ്ങൾ ആയിരുന്നു. ( ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ )

നേട്ടങ്ങൾ

- എല്ലാ കുട്ടികളെയും പരിഗണിച്ചുകൊണ്ടുള്ള ക്ലാസ് ആസൂത്രണം നടത്താൻ സാധിച്ചു
- വായനാ പ്രവർത്തനങ്ങൾ നടത്തി
- ലൈബ്രറി ശാക്തീകരണം നടത്തി
- ശില്പശാലകൾ സംഘടിപ്പിച്ചു വായനാ മൂല ഒരുക്കി.

പരിമിതികൾ

- പിന്നോക്കാവസ്ഥ നേരിടുന്ന മുഴുവൻ കുട്ടികൾക്കും ഫലപ്രാപ്തി കൈവരിക്കാൻ സാധിച്ചില്ല.
- സമയ പരിമിതി തടസ്സം സൃഷ്ടിക്കുന്നു.
- കുട്ടികളുടെ ബാഹുല്യം ആവശ്യ സംവിധാനങ്ങൾ ഒരുക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നു.
- വ്യക്തിഗത പിന്തുണ പ്രവർത്തനങ്ങൾക്ക് പരിമിതി അനുഭവപ്പെടുന്നു.

# ഒറ്റനോട്ടത്തിൽ

## എൽ പി തലം

### ഒന്നാം ക്ലാസ്

### രണ്ടാം ക്ലാസ്

### മൂന്നാം ക്ലാസ്

### നാലാം ക്ലാസ്

### അറബിക്

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

## Class- 1-മലയാളം

### ആമുഖം

**Gmup സ്കൂളിൽ 2024-2025 അധ്യയന വർഷം 64 കുട്ടികൾ രണ്ടു ഡിവിഷനുകളിലായി പഠിക്കുന്നു. ഒന്നിൽ പ്രവേശിപ്പിക്കപ്പെട്ട എല്ലാ കുട്ടികൾക്കും എല്ലാ വിഷയങ്ങൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിത പരിപാടികൾ ആവശ്യമാണ്. വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ ഒന്നാം ക്ലാസിലും അക്കാദമിക മാസ്റ്റർ തയ്യാറാക്കുന്നത് പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.**

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | പരിഷ്കരിച്ച പാഠ്യപദ്ധതി പ്രകാരം ഒന്നാം ക്ലാസിൽ പാട്ടുമായി ബന്ധപ്പെട്ട പഠന ലക്ഷ്യങ്ങൾ ഭാഷാ വികാസ മേഖലയിലും സർഗാത്മക സൗന്ദര്യം വികാസ മേഖലയിലും ഉണ്ട്. അവ നേടുക എന്നതാണ് എന്നതാണ് പാട്ടരങ്ങിന്റെ പ്രധാന ലക്ഷ്യം. | പാട്ടരങ്ങ് | ജൂൺ മുതൽ മാച്ച് വരെ | എസ് ആർ ജി<br>ക്ലാസ്സ് ടീച്ചർ |
| 2 | ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും സ്വതന്ത്ര രചയിതാക്കൾ ആക്കാൻ സംയുക്ത ഡയറി എഴുത്ത് സഹായകരമാണ്. | സംയുക്ത ഡയറി | ജൂലൈ മുതൽ മാച്ച് വരെ | എസ് ആർ ജി<br>ക്ലാസ്സ് ടീച്ചർ |
| 3 | വായനോത്സവത്തിൽ തുടങ്ങി ബാലസാഹിത്യകൃതികൾ സ്വതന്ത്രമായി വായിക്കുന്നതിൽ അവസാനിക്കുന്ന വായന പ്രവർത്തനങ്ങളാണ് ഈ പരിപാടിയിൽ ഉള്ളത്. കുട്ടികളെ സ്വതന്ത്ര മായനക്കാരാക്കി മാറ്റുക എന്നതാണ് ലക്ഷ്യം. | വായനോത്സവം മുതൽ മലയാള മധുരം വരെ ലക്ഷ്യം | . ജൂൺ മുതൽ മാച്ച് വരെ | എസ് ആർ ജി<br>ക്ലാസ്സ് ടീച്ചർ |

| | | | | |
|---|---|---|---|---|
| 4 | പരിസ്ഥിതി സൗഹൃദപരമായ കളി ഉപകരണങ്ങൾ പരിചയപ്പെടുത്തുക. പ്രാദേശികമായി ലഭ്യമായ വസ്തുക്കളെ കളിപ്പാട്ടങ്ങൾ ആക്കി മാറ്റുക. .കുട്ടികളുടെ കലാപരമായ ശേഷിയും കരവിരുത് വികസിപ്പിക്കുക. | 1 നിർമാണ ശില്പശാല പ്രവർത്തി പരിചയവും ഭാഷയും ഉദ്ഗ്രഥിച്ചുള്ള പ്രവർത്തനമാണിത്. മൂന്നാം യൂണിറ്റായ മാനത്തു പട്ടം എന്ന പാഠത്തോട് അനുബന്ധിച്ചാണ് നിർമ്മാണ ശില്പശാല നടത്തേണ്ടത്. | ജൂൺ , ആഗസ്റ്റ് | പി ടി എ<br>എസ് ആർ ജി<br>ക്ലാസ്സ് ടീച്ചർ |
| 5 | റീഡേഴ്സ്തിയേറ്റർ ഭാവമുൾക്കൊണ്ട് ശബ്ദ വ്യതിയാനത്തോടെ സദസ്സിനു മുൻപാകെ ഉച്ചത്തിൽ വായന നടത്തുന്നതിനുള്ള കഴിവ് വളർത്തുക. വായനയുടെ ആവിഷ്കാര സന്ദർഭം ഒരുക്കി വായനയോടും പുസ്തകങ്ങളോടും താല്പര്യം കൂട്ടുന്നതിന്. സഹവർത്തിത വായനയാണ്. ചുമതലകൾ വിഭജിച്ചെടുത്തും പരസ്പരം സഹായിച്ചും ടീം എന്ന നിലയിൽ പ്രവർത്തിക്കുന്നു. | പാഠപുസ്തകത്തിലുള്ളതും പാഠപുസ്തകത്തിന് പുറത്തുള്ളതുമായ രചനകൾ ഭാവാത്മകമായി വായിക്കുന്നതിനുള്ള അവസരമാണ് റീഡേഴ്സ് തിയേറ്റർ ഒരുക്കുന്നത്. സഹവർത്തിത വായനയാണ്. ചുമതലകൾ വിഭജിച്ചെടുത്തും പരസ്പരം സഹായിച്ചും ടീം എന്ന നിലയിൽ പ്രവർത്തിക്കുന്നു. | ആഗസ്റ്റ് | എസ് ആർ ജി<br>ക്ലാസ്സ് ടീച്ചർ |
| 6 | കുട്ടികളുടെ സർഗാത്മകശേഷി വികസിപ്പിക്കുന്നതിന് സ്വതന്ത്ര രചനക്ക് അവസരം ഒരുക്കുക. അനുയോജ്യമായ ചിത്രം വരച്ച രചനയെ ആകർഷകമാക്കുക. | രചനോത്സവം ആശയ അവതരണ രീതിപ്രകാരമുള്ള ഭാഷാ പഠനത്തിൽ കുട്ടികളുടെ ആശയ പ്രകാശനത്തിന് ആസ്വാദ്യമായ രചനാ പ്രവർത്തനങ്ങൾ ആവശ്യ മാണ് രണ്ടാം term മുതൽ രചനോത്സവം ആരംഭിക്കും. നിർമ്മാണ പ്രവർത്ത നങ്ങളിൽ ഏർപ്പെടൽ<br>3. കുട്ടികളെ സ്വതന്ത്രമായ സർഗാത്മക പ്രവർത്ത നങ്ങളിൽ ഏർപ്പെടാനുള്ള അവസരങ്ങൾ ഒരുക്കൽ | നവംബർ | എസ് ആർ ജി<br>ക്ലാസ്സ് ടീച്ചർ |

| | | | | |
|---|---|---|---|---|
| 7 | പരസ്പര പിന്തുണയോടെ രചനാ ശേഷി വർദ്ധിപ്പിക്കുക. കുട്ടികൾ നേരിടുന്ന ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഠനപങ്കാളികളുടെ സഹായം ഉറപ്പാക്കുക. രചനകൾ പരസ്പരം വിലയിരുത്തി മെച്ചപ്പെടുത്തുന്നതിന് അവസരം ഒരുക്കുക. | കൂട്ടെഴുത്തുപത്രം<br><br>റീഡേഴ്സ് തിയേറ്റർസഹവർത്തി ക വായനയുള്ള താണെങ്കിൽ കൂട്ടെഴുത്തു പത്രം സഹവർത്തിക രചനയുള്ളതാണ്. | ഫെബ്രുവരി | ക്ലാസ് ടീച്ചർ<br>എസ് ആർ ജി |

Academic master Plan
Class 1 English

The Goal for the first leader is to handle English fluently. The first grader must go from small words to big words. They must be able to read write and speak English. Every child should be able to speak English fluently like Malayalam. We have to keep the language English close to our heart. The academic master plan is designed to ensure that not a single child goes illiterate.

**Objectives and Learning outcomes**

Respond to simple instructions in the classroom.
Describe only about the pictures and objects.
Familiarise with symbol words.
Enjoy songs and sings them with Rhythm and action.
Familiarise the names of birds animals,their a young ones and identify them from pictures.

## June

Introduce symbol words.
provides picture cards.

**July**

Identify familiar words.
Say familiar words.
Read familiar words.

**August**

Enjoy songs and sings them with Rhythm and action.
Describe orally about pictures and objects using adjectives.

**September**

Read and write simple words & simple sentences
Provides picture card and reading cards

**October**

Introduce simple picture description.
Make word chain sentence chain

**November**

Prepare reading cards.
Writes five English word daily

**December**

Read and understand simple instructions in the classroom.
Encourage digital reading.

**January**

Enjoy songs and signs them with rhythm and action.
Make picture album.

**February**

Provide the opportunity to express myself in the classroom.

**March**

Read and write simple sentences.
Picture reading and picture descriptions.

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

## Class- 1 ഗണിതം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ് ഭാഷയിലും ശാസ്ത്രത്തിലും മറ്റു ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുക നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

*ഒന്നു മുതൽ അഞ്ചു വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.

* അഞ്ചുവരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
*അഞ്ച് വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു എഴുതുന്നു വായിക്കുന്നു *ഒൻപതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടുമെന്ന് കണ്ടെത്തി പറയുന്നു. *സംഘികളെ ആരോഹണ അവരോഹ ണക്രമത്തിൽ ആക്കുന്നു.

* * രണ്ട് സംഖ്യകളുടെ സങ്കലനം 2 ഒരക്ക സംഖ്യകളുടെ വ്യവകലനം

* ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.

* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.

* ഒരക്ക സംഖ്യ പാറ്റേൺ രൂപീകരിക്കൽ.

* ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

* സംഖ്യകൾ തിരിച്ചറിയുന്നു പറയുന്നു.

* സംഖ്യ കാർഡ് നിർമ്മിക്കൽ.

ജൂലൈ

*ഗണിത പഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് നടന്ന കിറ്റ് തയ്യാറാക്കുന്നു.

നവംബർ

സംഖ്യ ഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു. ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

*സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ.

ഗണിതം ആൽബം തയ്യാറാക്കൽ

ജനുവരി

ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.

ഒന്നുമുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
ഡിസംബർ

*സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ.

ഗണിതം ആൽബം തയ്യാറാക്കൽ

സംഖ്യകളുടെ പകുതി ഇല്യം എന്നിവ തിരിച്ചറിയുന്നു

ഫെബ്രുവരി

ഗണിത ആൽബം പ്രദർശിപ്പിക്കുന്നു.
വില വിവരപ്പട്ടിക പ്രശ്ന വിശകലന പ്രവർത്തനങ്ങൾ ഏർപ്പെടുന്നു.

മാർച്ച്

ഗണിത ആശയമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.

ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

സംഖ്യകളുടെ പകുതി ഇല്യം എന്നിവ തിരിച്ചറിയുന്നു

### അക്കാദമിക മാസ്റ്റർ പ്ലാൻ-- മലയാളം . ക്ലാസ്സ് 2

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ആശയ അവതരണ രീതിയിലൂടെ ഭാഷാ പഠനത്തിൽ ഓരോ കുട്ടിക്കും ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക | . S R G മീറ്റിംഗ്<br>. സന്നദ്ധത പ്രവർത്തനങ്ങൾ<br>. സംയുക്ത ഡയറി | കാലയളവ്<br>. ജൂൺ | ക്ലാസ് ടീച്ചർ | |
| 2 | എല്ലാ കുട്ടികളെയും ആശയം ഉൾക്കൊണ്ട് സ്വതന്ത്ര വായനക്കാർ ആക്കുക | 1. ക്ലാസ് ലൈബ്രറി രൂപീകരണം<br>2. വായനാ മത്സരങ്ങൾ | ജൂൺ രണ്ടാം വാരം | ക്ലാസ് ടീച്ചർ | |
| 3 | നേടിയ ആശയങ്ങൾ സ്വാതന്ത്ര്യമായി എഴുതി പ്രകടിപ്പിക്കാനുള്ള ശേഷി കൈവരിക്കുക | 1. രചന മത്സരങ്ങൾ<br>2. വായന സാമഗ്രികൾ നിർമ്മിക്കൽ<br>3. ചിത്ര കാർഡുകൾ തയ്യാറാക്കൽ | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ | |
| 4 | സന്ദർഭത്തിനനുസരിച്ച് സ്വന്തം ആശയങ്ങൾ പറഞ്ഞു എഴുതിയും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന് | ഭാഷണത്തിന് ക്ലാസ്സിൽ അവസരമൊരുക്കൽ | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ | |
| 5 | എല്ലാ കുട്ടികളെയും സ്വന്തമായി വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക | 1. ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങൾകാര്യക്ഷമമാക്കൽ<br>2. വായന കുറിപ്പ് തയ്യാറാക്കൽ | ജൂലൈ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| 6 | ആശയം ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു | 1. വായിച്ച കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ അവതരിപ്പിക്കാനുള്ള അവസരം ഒരുക്കൽ<br>2. വ്യത്യസ്തങ്ങളായ പതിപ്പ് നിർമ്മാണ പ്രവർത്ത നങ്ങളിൽ ഏർപ്പെടൽ<br>3. കുട്ടികളെ സ്വതന്ത്രമായ സർഗാത്മക പ്രവർത്ത നങ്ങളിൽ ഏർപ്പെടാനുള്ള അവസരങ്ങൾ ഒരുക്കൽ | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ |
| 7 | ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കൽ | 1. ചിത്രവിവരണം<br>2. വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ<br>3. വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ<br>4. രജനോത്സവങ്ങളിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ |
| 8 | സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു | 1. ക്ലാസ് പിടിഎയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു<br>2. കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവയ്ക്കുന്നു | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ<br>പിടിഎ<br>പ്രധാന അധ്യാപകൻ |

## English
## Academic Master Plan - Class 2

| Sl. No. | Aim | Activities | Time | Responsibility | |
|---|---|---|---|---|---|
| 1. | Listening Skills .<br>To speak, Read, &Write English without any mistakes | pretest.<br>to develop listening skills &reading skills first | june to ocober<br>. | class teacher | |
| 2. | Writing skills.<br>make word web, picture description, conversation, add more lines, develop story, description, diary, magazines. | Games, action songs, conversations, skit, stories, use ICT | june to march | class teacher | |
| 3. | Speaking Skills. | Activity. desciption, picture reading, picture description, self introduction, quiz riddles, self introduction etc time. j | June to December | class teacher | |
| 4 | Reading skills activity. | News paper reading, library books reading, rhyming words, describing words etc. text book activities . | June to December | class teacher | |

## അക്കാദമിക മാസ്റ്റർ പ്ലാൻ-- ഗണിതം . ക്ലാസ്സ് 2

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഗണിതകേളികൾ<br><br>കുട്ടികൾക്ക് ഗണിത കളികളിൽ താല്പര്യമുണ്ടാക്കുന്നു. ഗണിതപഠനത്തിൽ താല്പര്യമുണ്ടാക്കുന്നു. യുക്തി ബോധം വളർത്തുന്നു. | 1.വ്യത്യസ്തമായ co സ്ല്<br><br>അനുയോജ്യമായഗണിത കളികളിൽ ഏർപ്പെടുന്നു.<br>2. കൂട്ടുകാരെകണ്ടെത്താം ( സങ്കലനം)<br>3.ഡോമിനോ കളികൾ ( വ്യവകലനം)<br>ബോൾ കളി( ഗുണനം) | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| 2 | ഗണിത കിറ്റ് . ഗണിതശേഷികൾ എളുപ്പത്തിലും രസകരവും ആക്കുന്നതിന്.ഗണിതം ആസ്വാദ്യകരമാക്കുന്നതിന്. | 1.പത്തിന്റെ കെട്ടുകൾ, മഞ്ചാടി, പുളിങ്കുരു, സ്ട്രോ, മുത്തുകൾ, കളിനോട്ടുകൾ എന്നിവ അടങ്ങിയ കിറ്റുകൾ എല്ലാ കുട്ടികളുടെ കയ്യിലും ഗണിത കിറ്റിൽ ഉൾപ്പെടുത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| 3 | ഗണിതം ആസ്വാദ്യകരമാക്കൽ | ഇടവേളകളിൽ ഗണിതാലാപനം നടത്തൽ<br>കലണ്ടർ പതിപ്പ് തയ്യാറാക്കൽ.<br>1. കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളുംതിരിച്ചറിയൽ<br>. 2.മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.<br>3.കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ. | ജനുവരി- മാർച്ച് | ക്ലാസ് ടീച്ചർ | |
| | | | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

## E V S ക്ലാസ്സ് 2

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ശാസ്ത്രം ആസ്വാദ്യ കരമാകുന്നു. അപഗ്രഥിച്ച് നിഗമനത്തിൽ എത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു | പരീക്ഷണങ്ങൾ<br>നിരീക്ഷണങ്ങൾ | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| 2. | ആഹാരം ആരോഗ്യത്തി ന് എന്ന പാഠഭാഗവുമായി ബന്ധപെട്ട നല്ല ആരോഗ്യ ശീലങ്ങളെ കുറിച്ചറിയാൻ | ഭക്ഷ്യമേള<br>പലഹാര മേള | വർഷത്തിലൊരിക്കൽ | SRG, ക്ലാസ് ടീച്ചർ , CPTA | |
| | | | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ-- മലയാളം . ക്ലാസ്സ് 3

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | അവതരണ സന്ദർഭം |
|---|---|---|---|---|---|
| 1 | അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ തിരിച്ചറിയുന്നതിനും പ്രയോഗിക്കുന്നതിനും | വായനാകാർഡുകൾ നൽകി വായിക്കുന്നതിനും ചെറിയ കഥാ സന്ദർഭങ്ങൾ നൽകി പൂർത്തിയാക്കുന്നതിനുമുള്ള അവസരം | ജൂൺ-ജൂലൈ | എസ് ആർ ജി | ക്ലാസ്സ് പി ടി എ സ്കൂൾ അസംബ്ലി |
| 2 | അനുയോജ്യമായ ഭാവംഒഴുക്ക് , അർത്ഥംപ്രകടമാകുന്ന ഊന്നലുകൾഎന്നിവയോടെ വായിച്ച് അവതരിപ്പിക്കുന്നതിനും രചനയ്ക്കും | ബാലസാഹിത്യ കൃതികൾ വായിക്കുന്നതിനും പാഠഭാഗങ്ങൾ വായിക്കുന്നതിനും വ്യത്യസ്ത വ്യവഹാരങ്ങൾ പരിചയപ്പെടുന്നതിനുമുള്ള അവസരം നൽകൽ | ആഗസ്റ്റ് - സെപ്റ്റംബർ | ക്ലാസ്സ് ലൈബ്രറി | ക്ലാസ്സ് പി ടി എ സ്കൂൾ അസംബ്ലി |
| 3 | വ്യത്യസ്ത വായനാ സന്ദർഭങ്ങളിലൂടെ സ്വതന്ത്ര വായനയ്ക്കും രചനയ്ക്കും അവസരമൊരുക്കുക | ഭാവാത്മകമായ കേൾവിക്ക് അവസരം ഒരുക്കുക. അമ്മവായന ,സഹവായന, സഹവർത്തിത വായനഎന്നിവ നടത്തുക. ചെറുകഥകൾ, കവിതകൾ, ഡയറി എന്നിവ എഴുതാനുള്ള അവസരം | ഒക്ടോബർ-ജനുവരി | ക്ലാസ് ടീച്ചർ | സ്കൂൾ അസംബ്ലി |
| 4 | വ്യത്യസ്ത വായനാ സന്ദർഭങ്ങളിലൂടെ സ്വതന്ത്ര വായനയ്ക്കും രചനയ്ക്കും അവസരമൊരുക്കുക | സ്വതന്ത്ര വായനാ സന്ദർഭം , രചനാ സന്ദർഭം എന്നിവ ഒരുക്കുക, മാഗസിൻ നിർമ്മാണം , തൽസമയ വായന , രചന എന്നിവ സംഘടിപ്പിക്കുക | ഫെബ്രുവരി - മാർച്ച് | പി ടി എ | പഠനോൽ സവം |

# അക്കാദമിക മാസ്റ്റർപ്ലാൻ 2025 – 2

ക്ലാസ്: 3

ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുക, ആകൃതി കണ്ടെത്തുക | വിവിധ ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ചിത്രം വരയ്ക്കൽ, രൂപങ്ങളുടെ നിർമ്മാണം, വെജിറ്റബിൾ പ്രിന്റിംഗ് ,പേപ്പർ ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങളിലുള്ള തോരണങ്ങൾ നിർമ്മിക്കൽ | ജൂൺ - ജൂലൈ | എസ് ആർ ജി | ക്ലാസ് പി റ്റി എ |
| മൂന്നക്ക നാലക്ക സംഖ്യകൾ മനസ്സിലാക്കുകയും പ്രയോഗിക്കുകയും സ്ഥാനവില തിരിച്ചറിയുകയും | കാർഡ് ഗെയിമിലൂടെ മൂന്നക്ക നാലക്ക സംഖ്യകൾ പരിചയപ്പെടുത്തുന്നു ഗണിതപ്പെട്ടി തയ്യാറാക്കുന്നു അബാക്കസ് നിർമ്മാണം | ജൂലൈ - സെപ്റ്റംബർ | എസ് ആർ ജി | ക്ലാസ് പി റ്റി എ |
| സങ്കലന വ്യവകലന വസ്തുതകളുടെ നിർധാരണം | വ്യത്യസ്ത സന്ദർഭങ്ങൾ പരിചയപ്പെടുത്തി സങ്കലന, വ്യവകലനത്തിനുള്ള അവസരം ഒരുക്കുന്നു. പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം. | സെപ്റ്റംബർ - ഡിസംബർ | എസ് ആർ ജി | ക്ലാസ് പി റ്റി എ |
| അളവ് , തൂക്കം എന്നീ ആശയങ്ങൾ പരിചയപ്പെടുത്തുന്നു | സ്കെയിൽ നിർമ്മാണം , അളവ് പാത്രങ്ങളുടെ നിർമ്മാണം. കുട്ടികളുടെ നീളം, വണ്ണം എന്നിവ അളക്കുന്നു. വ്യത്യസ്ത വസ്തുക്കളുടെ ഭാരം അളക്കുന്നു | സെപ്റ്റംബർ - ജനുവരി | എസ് ആർ ജി | ക്ലാസ് പി റ്റി എ |
| ഗുണന, ഹരണ വസ്തുതകളുടെ നിർധാരണം | വ്യത്യസ്ത സന്ദർഭങ്ങൾ പരിചയപ്പെടുത്തി ഗുണന, ഹരണങ്ങൾക്ക് അവസരം ഒരുക്കുന്നു. പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം. | ജനുവരി - മാർച്ച് | ജനുവരി - മാർച്ച് | ക്ലാസ് പി റ്റി എ |

# ACADEMIC MASTER PLAN 2025-26

Class 3 ENGLISH

| Learning objectives | Activities | Time | Support system | Presentation |
|---|---|---|---|---|
| Recognising and applying letters | Providing Letter cards to form words and word cards to construct read sentences | June - August | S R G | School Assembly |
| Describe the picture | Teacher shows pictures. Give an opportunity to say about the pictures and write in words or simple sentences | July - September | S R G | Class PTA<br>School assembly |
| Read and understand the reading cards and stories | Provides the opportunity to read simple stories. They tell the story they read | September - December | Class PTA | School Assembly |
| Providing opportunities to write Independently | The teacher provides picture , ideas, and contexts, giving opportunities for students to write stories , diaries and prepare conversation | January - march | S R G<br>Class PTA | Padanolsavam |

# അക്കാദമിക മാസ്റ്റർപ്ലാൻ 2025 – 26

ക്ലാസ് : 3

പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
